മിനി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടും (90% ARP ഫണ്ട് 10% ഉപഭോക്തൃ വിഹിതം), പി.എം.ജി.വൈ.-യിൽ ഉൾപ്പെടുത്തി മൂന്നും, സ്കൂൾ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴും, ജില്ലാ കളക്ടർ വഴി നടപ്പാക്കുന്ന 35% എ.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നാലും കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വിശദ വിവരം † അനുബന്ധമായി ചേർത്തിരിക്കുന്നു. കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ മൂന്നാം ബാച്ചിൽപ്പെടുത്തി തിരുവമ്പാടി, ഓമശ്ശേരി എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല-ശുചിത്വ പദ്ധതി നടപ്പിലാക്കുന്നു. ഏകദേശം 100 കുടിവെള്ള പദ്ധതികൾ ഈ വർഷം അവസാനം മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ † അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. ജലനിധി പദ്ധതികൾ ആസൂത്രണ ഘട്ടം കഴിഞ്ഞ് നിർവ്വഹണ ഘട്ടത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞു.

എൽ.ഐ.സി.-യുടെ സഹായത്തോടെ ആരംഭിച്ച ചീക്കോട് ശുദ്ധജലവിതരണ പദ്ധതി

71 [1757] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഐ.സി.-യുടെ സഹായത്തോടെ രണ്ട് വർഷം മുമ്പ് ആരംഭിച്ച ചീക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണം വൈകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏതൊക്കെ ഘട്ടങ്ങളാണ് പൂർത്തിയായത് എന്നറിയിക്കാമോ;

(സി) പദ്ധതി എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1. കിണറിന്റേയും പമ്പ് ഹൗസിന്റേയും പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്.

2. 23.04 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ചുള്ളിക്കോട് ഭൂതല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly